# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *98      03.12.2015-ൽ മറുപടിയ്ക്ക്

## റോഡുകളുടെ നവീകരണവും അറ്റകുറ്റപ്പണികളും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ദാസൻ<br>,, എം.എ.ബേബി<br>,, കെ.കുഞ്ഞിരാമൻ (ഉദുമ)<br>,, പി.ടി.എ.റഹീം | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പമന്ത്രി) |
| (എ) സംസ്ഥാനത്തെ മിക്ക റോഡുകളും ഗതാഗതയോഗ്യമല്ലാതായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) സംസ്ഥാനത്തെ എല്ലാ റോഡുകളും പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ളതല്ല. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള ചില റോഡുകളിൽ കേടുപാടുകൾ സംഭവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) റോഡുകളുടെ നവീകരണവും അറ്റകുറ്റപ്പണികളും യഥാസമയം നടക്കാത്തതിന്റെ കാരണം വിശദമാക്കുമോ ; | (ബി) റോഡുകളിലുണ്ടാകുന്ന കേടുപാടുകൾ അതാത് സമയങ്ങളിൽ ചെയ്ത് തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. എന്നാൽ തുടർച്ചയായി ഉണ്ടാകുന്ന അപ്രതീക്ഷിത മഴ അറ്റകുറ്റപ്പണികളെ കാര്യമായി ബാധിക്കുന്നുണ്ട്. ഈ വർഷം റെക്കോഡ് മഴയാണ് സംസ്ഥാനത്ത് ലഭിച്ചത്. |
| (സി) നവീകരണത്തിനാവശ്യമായ ഫണ്ട് ലഭിക്കാത്തതും കരാറുകാരുടെ കുടിശ്ശിക നൽകാത്തതും റോഡുകളുടെ അറ്റകുറ്റ പണികളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. റോഡ് നവീകരണാവശ്യത്തിനായി 14-ാം ധനകാര്യ കമ്മീഷന്റെ വിഹിതം ഈ വർഷം ഇതുവരെ ലഭിക്കാത്തത് ഒരു പരിധിവരെ നിരത്ത് വിഭാഗത്തിന്റെ നവീകരണ പ്രവൃത്തികളെ ബാധിച്ചിട്ടുണ്ട്. എന്നാൽ കരാറുകാരുടെ കുടിശ്ശിക നൽകാത്തത് അറ്റകുറ്റപ്പണികളെ ബാധിച്ചിട്ടില്ല. കൂടാതെ, കെ.എസ്.ടി.പി.II പദ്ധതിയ്ക്ക് നവീകരണത്തിന് ആവശ്യമായ ഫണ്ട് യഥാസമയം സർക്കാരിൽ നിന്ന് ലഭിക്കുന്നുണ്ട്. |
| (ഡി) സാമ്പത്തിക പ്രതിസന്ധി പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (ഡി) സാമ്പത്തിക പ്രതിസന്ധി പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങളെ കാര്യമായി ബാധിച്ചിട്ടില്ല. |
| (ഇ) കരാറുകാരുടെ കുടിശ്ശിക കൊടുത്തു തീർക്കാൻ കഴിഞ്ഞിട്ടുണ്ടോ ; നിലവിൽ എത്ര തുക കരാറുകാർക്ക് കുടിശ്ശികയിനത്തിൽ നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ ? | (ഇ) 31.07.2014 വരെയുള്ള കരാറുകാരുടെ കുടിശ്ശിക കൊടുത്ത് തീർക്കുവാൻ കഴിഞ്ഞിട്ടുണ്ട്. നിരത്തുകളും പാലങ്ങളും വിഭാഗത്തിലെ കരാറുകാർക്ക് നിലവിൽ (8/2014 മുതൽ 6/2015 വരെ) 1246.52 കോടി രൂപയും, ദേശീയപാതാ വിഭാഗത്തിലെ കരാറുകാർക്ക് നിലവിൽ 39.78 കോടി രൂപയും കുടിശ്ശിക ഇനത്തിൽ നൽകാനുണ്ട്. കെ.എസ്.ടി.പി.-II പദ്ധതിയിൽ കരാറുകാർക്ക് കുടിശ്ശികയൊന്നും നൽകാനില്ല. |

സെക്ഷൻ ഓഫീസർ